കഴക്കൂട്ടം കിൻഫ്രാ പാർക്കിന്റെ പ്രവർത്തനം

20 (4180) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം കിൻഫ്രാ പാർക്കിൽ ഇതുവരെ എത്ര കമ്പനികൾ പ്രവർത്തനം ആരംഭിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പാർക്കിൽ ഇനി എത്ര ചതുരശ്ര അടി സ്ഥലം ഒഴിഞ്ഞുകിടപ്പുണ്ട് ;

(സി) പുതുതായി എത്ര കമ്പനികൾ ഈ പാർക്കിൽ നിന്നും സ്ഥലത്തിനായി അപേക്ഷിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കഴക്കൂട്ടത്തുള്ള കിൻഫ്രയുടെ പാർക്കുകളിൽ ഇപ്പോൾ ആകെ പതിനാല് യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. (അപ്പാരൽ പാർക്ക്-നാല്. ചെറുകിട വ്യവസായ പാർക്ക്-പത്ത്)

(ബി) കഴക്കൂട്ടത്തെ കിൻഫ്ര അപ്പാരൽ പാർക്കിലെ കെട്ടിടങ്ങളിൽ സ്ഥലം ഒഴിഞ്ഞുകിടപ്പില്ല. അപ്പാരൽ പാർക്കിലും ചെറുകിട വ്യവസായ പാർക്കിലും അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഭൂമിയാണ് അലോട്ട് ചെയ്യുന്നത്. ഈ പാർക്കുകളിൽ ഇനി വ്യവസായികൾക്ക് അലോട്ട് ചെയ്യുവാനുള്ള ഭൂമിയുടെ അളവ് താഴെ പറയുന്ന പ്രകാരമാണ് ;

(i) കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക് 26.70 ഏക്കർ.

(ii) കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്-7 ഏക്കർ.

(സി) മുകളിൽ പറഞ്ഞ രണ്ട് പാർക്കുകളിലായി, പുതുതായി പതിനഞ്ച് കമ്പനികൾ സ്ഥലത്തിനായി അപേക്ഷച്ചിട്ടുണ്ട്.

ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം

21 (4181) ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ വർക്കല കഹാർ :
ശ്രീ. വി. ബാലറാം :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ വ്യവസായം നടത്തുന്നവർക്ക് അവർ ഉപയോഗിച്ചിരുന്ന ഷെഡ്ഡും സ്ഥലവും വിലയ്ക്ക് നല്കാമെന്ന് തീരുമാനിച്ചതെന്നാണ് ;

(ബി) അതനുസരിച്ച് എത്ര വ്യവസായികൾ അവർ ഉപയോഗിച്ചുവരുന്ന ഷെഡ്ഡിനും അത് നില്ക്കുന്ന സ്ഥലത്തിനും ഗവൺമെന്റ് നിശ്ചയിച്ച വില നല്കിയെന്ന് വ്യക്തമാക്കാമോ ; ഷെഡ്ഡും സ്ഥലവും അവരുടെ പേരിൽ നല്കിയോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വ്യവസായം നടത്തുന്നവർക്ക് ഷെഡ്ഡും സ്ഥലവും വിലയ്ക്ക് നൽകാൻ തുടങ്ങിയാണ് 1980-81 കാലയളവിൽ ആണ്. അന്ന് താൽക്കാലിക വിലയ്ക്ക് നൽകിയിരുന്നു. ഗവൺമെന്റ് അന്തിമമായി നിശ്ചയിച്ച വില ലഭ്യമാകുന്നത് 1994-ൽ മാത്രമാണ്. വർമാൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 27-1-2003 ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം പുതുക്കി നിശ്ചയിച്ച വിലയിൽ പുതിയ വില നിശ്ചയിച്ച് വിലയിൽ പുതിയ വില നിശ്ചയിച്ച് ചെയ്യുന്നതിനുള്ള നടപടികൾ സിഡ്കോ സ്വീകരിച്ചുവരുന്നു. അന്തിമമായ വില നൽകാത്തതിനാൽ വ്യവസായികളുടെ പേർക്ക് വിലയാധാരം നൽകിയിട്ടില്ല.

ആട്ടോ മൊബൈൽ രംഗത്ത് പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾ

22 (4182) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആട്ടോ മൊബൈൽ രംഗത്ത് പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾ ഏതെല്ലാമാണ് ;

(ബി) ഏതെല്ലാം ഇനങ്ങളിലുള്ള മോട്ടോർ വാഹനങ്ങളാണ് ഈ യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്നത് ;

(സി) ഇവയിൽ മോട്ടോർ കാർ, സ്കൂട്ടറുകൾ മോട്ടോർ സൈക്കിൾ എന്നിവ ഉൽപ്പാദിപ്പിക്കാൻ ഏതെങ്കിലും പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(ഡി) ഏതെങ്കിലും സ്വകാര്യ സംരംഭകർ കാർ നിർമ്മാണ സംരംഭം സംബന്ധിച്ചുള്ള പ്രോജക്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ്, സ്കൂട്ടേഴ്സ് കേരളാ ലിമിറ്റഡ്, സ്കൂട്ടേഴ്സ് കേരളാ ലിമിറ്റഡ് എന്നിവയാണ് ആട്ടോമൊബൈൽ രംഗത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ സ്ഥാപിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ. ഇതിൽ കേരളാ ആട്ടോ മൊബൈൽസ് ലിമിറ്റഡ് മാത്രമാണ് ഇപ്പോൾ ഈ രംഗത്തുള്ളത്.

(ബി) കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിൽ ഡീസൽ/പെട്രോൾ പാസഞ്ചർ കാര്യർ മോഡലായ ത്രീവീലർ ഓട്ടോറിക്ഷയും സിക്സ് സീറ്റർ ഓട്ടോറിക്ഷയും ലോഡ്കാര്യർ ആയ പിക് അപ്പ് വാൻ, ഡെലിവറി വാൻ, ആട്ടോ ട്രെയിലർ, ടിപ്പർ തുടങ്ങിയവയും ത്രീ സീറ്റർ, സിക്സ് സീറ്റർ ചേസിസുകളും ഉത്പാദിപ്പിക്കുന്നു. ഇതിന് പുറമെ പെട്രോളിയം ഗ്യാസ് ഇന്ധനമായി ഉപയോഗിക്കുന്ന സി.എൻ.ജി. ത്രി-ചക്രവാഹനങ്ങളും ഉത്പാദിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly